**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2159** **09-02-2023 - ൽ മറുപടിയ്ക്ക്**

**ഓക്സിജൻ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി ചെലവഴിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കോവിഡ് പ്രതിസന്ധി ഘട്ടത്തിൽ ഓക്സിജൻ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് കോവിഡ് പ്രതിസന്ധി ഘട്ടത്തിൽ സംസ്ഥാന സർക്കാർ 10 ഓക്സിജൻ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി 14,68,81,000/- (പതിനാല് കോടി അറുപത്തിയെട്ട് ലക്ഷത്തി എൺപത്തിയൊന്നായിരം രൂപ മാത്രം) രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിനു പുറമെ PMCARES Fund ഉം കേന്ദ്ര പെട്രോളിയം മന്ത്രാലയം ഫണ്ടും ഉപയോഗിച്ച് 33 ഓക്സിജൻ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | ഇവയിൽ നാളിതുവരെ പ്രവർത്തനം ആരംഭിക്കാത്ത എത്ര പ്ലാന്റുകൾ ഉണ്ടെന്നും അവ എവിടെയെല്ലാമാണെന്നും അറിയിക്കാമോ; | (ബി) | സംസ്ഥാന സർക്കാർ അനുമതി നല്കിയ 10 ഓക്സിജൻ പ്ലാന്റുകളിൽ ഇതുവരെ പ്രവർത്തനം ആരംഭിക്കാത്ത 6 ഓക്സിജൻ പ്ലാന്റുകൾ ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>താലൂക്ക് ആശുപത്രി, കൊയിലാണ്ടി<br><br>താലൂക്ക് ആശുപത്രി, തളിപ്പറമ്പ<br><br>ജില്ലാ ആശുപത്രി, മാവേലിക്കര<br><br>ജനറൽ ആശുപത്രി, തലശ്ശേരി<br><br>താലൂക്ക് ആശുപത്രി, തിരുവല്ല<br><br>ജനറൽ ആശുപത്രി, കോട്ടയം |
| (സി) | പ്രസ്തുത പ്ലാന്റുകൾക്കായി എത്ര കോടി രൂപയുടെ ഉപകരണങ്ങളാണ് വാങ്ങി നൽകിയതെന്ന് അറിയിക്കാമോ; | (സി) | സംസ്ഥാന സർക്കാർ അനുമതി നല്കിയ 10 ഓക്സിജൻ പ്ലാന്റുകളിൽ പ്രവർത്തനം ആരംഭിക്കാത്ത 6 ഓക്സിജൻ പ്ലാന്റുകൾക്കായി 8,57,60,000/- (എട്ടുകോടി അമ്പത്തിയേഴ് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) രൂപയുടെ ഉപകരണങ്ങളാണ് വാങ്ങിയത്. |
| (ഡി) | അവ യഥാസമയം പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ? | (ഡി) | സംസ്ഥാന സർക്കാർ അനുമതി നല്കിയ 10 ഓക്സിജൻ പ്ലാന്റുകളിൽ പ്രവർത്തനം ആരംഭിക്കാത്ത 6 ഓക്സിജൻ |

| | | | | |
|---|---|---|---|---|
| | | | | പ്ലാന്റുകൾ യഥാസമയം പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**1) താലൂക്കാശുപത്രി കൊയിലാണ്ടി**<br><br>പ്ലാന്റ് സ്ഥാപിച്ചു കഴിഞ്ഞു. പ്ലാന്റിൽ നിന്ന് ആശുപത്രിയിലേയ്ക്കുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. അത് പൂർത്തിയാകുന്നതോടെ പ്രവർത്തന സജ്ജമാകുന്നതാണ്.<br><br>**2) താലൂക്കാശുപത്രി തളിപ്പറമ്പ**<br><br>ഹൈ ടെൻഷൻ കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. അത് ലഭിക്കുന്ന മുറയ്ക്ക് അനുബന്ധ സൗകര്യങ്ങളും പൂർത്തിയാക്കി പ്ലാന്റ് പ്രവർത്തന സജ്ജമാകുന്നതാണ്.<br><br>**3) ജില്ലാ ആശുപത്രി മാവേലിക്കര**<br><br>സിവിൽ പ്രവൃത്തി പൂർത്തിയായി. ഇലക്ട്രിക്കൽ പ്രവൃത്തിയും ഓക്സിജൻ പൈപ്പ് ലൈനിന്റെ പ്രവൃത്തിയും നടന്നു വരുന്നു. ഒരു മാസത്തിനുള്ളിൽ കമ്മീഷൻ ചെയ്യുവാൻ സാധിക്കും.<br><br>**4) ജനറൽ ആശുപത്രി, തലശ്ശേരി**<br><br>തലശ്ശേരിയിൽ നിലവിൽ ഒരു ഓക്സിജൻ പ്ലാന്റ് ഉണ്ട്. പുതിയ പ്ലാന്റ് സ്ഥാപിക്കുവാൻ അനുയോജ്യമായ സ്ഥലം ലഭ്യമല്ലാത്ത അവസ്ഥയാണ്.<br><br>**5) താലൂക്കാശുപത്രി തിരുവല്ല**<br><br>പ്ലാന്റ് പ്രവർത്തിപ്പിക്കാനാവശ്യമായ ജനറേറ്റർ സ്ഥാപിക്കുന്നതിനു വേണ്ട തുകയായ 36,68,000/-രൂപ എം.എൽ.എ ഫണ്ടിൽ നിന്ന് അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>**6) ജനറൽ ആശുപത്രി കോട്ടയം**<br><br>വൈദ്യുതി കണക്ഷൻ ലഭിക്കുവാനുള്ള കാലതാമസം മൂലമാണ് പ്ലാന്റിന്റെ പ്രവർത്തനം ആരംഭിക്കുവാൻ ഇതുവരെ സാധിക്കാത്തത്. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ